(സി) പ്രസ്തുത സ്ഥലങ്ങളിൽ യഥാക്രമം പതിച്ചുകൊടുക്കപ്പെട്ട സ്ഥലങ്ങളുടെ ഏക്കർ സെൻറ് ക്രമം താഴെ ചേർക്കുന്നു.

No.	Acre.	Cent.	No.	Acre.	Cent.
1	4	87	9	1	68
2	4	7	10	0	64
3	2	57	11	4	22
4	0	80	12	2	91
5	2	80½	13	2	46
6	1	85	14	75	00
7	10	34	15	32	39
8	2	89			

കുഴൽകിണറുകൾ

*൨൯൦. (൨) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ.—

(എ) വേനൽക്കാലത്തു് ശുദ്ധജലം കിട്ടാതെ വിഷമിക്കുന്ന കുട്ടനാട്ടിൽ കുഴൽ കിണർ സ്ഥാപിക്കുന്നതിനു് സർക്കാരിന്റെ് ആലോചിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലമെന്തായി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ, ബി) കുട്ടനാട്ടിൽ കുമരകം കൈനകരി എന്നീ സ്ഥലങ്ങളിൽ പരീക്ഷണാർത്ഥം രണ്ടു കുഴൽ കിണറുകൾ കുഴിക്കുവാൻ സർക്കാരിന്റെ് ഉത്തരവു് പാസ്സാക്കിയിട്ടുണ്ടു്.

തിരുവിതാംകൂർ യൂണിവേഴ്സിറ്റി

*൨൯൧. (൪) ശ്രീ. കെ. രാമകൃഷ്ണപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ യൂണിവേഴ്സിറ്റിയോടു്, ഈ സംസ്ഥാനത്തിലെ എല്ലാ കോളേജുകളും അഫിലിയേറ്റ ചെയ്തിട്ടുണ്ടോ;

(ബി) അഫിലിയേറ്റ ചെയ്യാത്ത കോളേജുകളുടെ പേരുകൾ;

(സി) അവയെ തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ കീഴിൽ കൊണ്ടുവരുവാൻ എന്തെല്ലാം നടപടികൾ ഇതിനകം എടുത്തിട്ടുണ്ടു്;

(ഡി) തിരുവിതാംകൂർ യൂണിവേഴ്സിറ്റി ആക്ടു് പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതെന്നത്തേയ്ക്കുണ്ടാകും?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) അഫിലിയേറ്റ ചെയ്യാത്ത കോളേജുകൾ

(i) സെൻറ് തോമസ് കോളജ് തൃശ്ശൂർ.
(ii) കേരളവർമ്മ കോളേജ് തൃശ്ശൂർ.
(iii) സെൻറ് മേരീസ് കോളേജ് തൃശ്ശൂർ.
(iv) സേക്രഡ് ഹാർട്ട് കോളജ് തേവര.

LIBRARY ARCHIVES Kerala Legislative Assembly